# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD18/195/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/02/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD18/195/2023 തീയ്യതി: 21/02/2023

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ | 17-01-2023 | 23-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2023 | 23-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.രാജിഷ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശബ്നാദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കെ.എൽ.രമേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എം.സാജൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഗൌതം.എൽ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സി.യു.സജിത്കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ഐവിൻ ഗോഡ്വിൻ ഡി സിൽവ | അസി.എഞ്ചിനിയർ | 01-04-2021 | 14-09-2021 |
| ശ്രീമതി.ഷബീന.ഐ | അസി.എഞ്ചിനിയർ | 15-09-2021 | 03-10-2021 |
| ശ്രീമതി.അരുണ.വി | അസി.എഞ്ചിനിയർ | 04-10-2021 | 31-03-2022 |
| ശ്രീമതി.സുധാകുമാരി.എ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സജിത.കെ | വി.ഇ.ഒ-1 | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീജമോൾ.എം | വി.ഇ.ഒ.2 | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിസിവർഗ്ഗീസ് | എച്ച്.എം | 01-04-2021 | 30-11-2021 |
| ശ്രീമതി.വിജയലക്ഷ്മി.വി.കെ | എച്ച്.എം | 01-12-2021 | 31-03-2022 |
| ഡോ.ഉല്ലാസ് തോമസ് | മെഡിക്കൽ ഓഫീസർ(FHC) | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ(ISM) | 01-04-2021 | 31-03-2022 |
| ശ്രീ.ഫാസിൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.എം.എൻ.രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-08-2021 |
| ശ്രീ.മനു ചന്ദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-09-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വസ്തു നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-11 |
| 14 | കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-11-1 |
| 15 | സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം കൃത്യമല്ല | 1-11-2 |
| 16 | പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ഷട്ടർ ഫീ പ്രത്യേകമായി ഈടാക്കേണ്ടതില്ല | 1-12 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-13 |
| 18 | വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-13-1 |
| 19 | MGNREGS-വ്യക്തിഗത മെറ്റീരിയൽ വർക്കുകൾ സ്റ്റോക്കിലെടുക്കൽ -മാസ്റ്റർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-13-2 |
| 20 | മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-13-3 |
| 21 | തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-14 |
| 22 | വായ്പാ തിരിച്ചടവ്- വാർഷിക കണക്കിൽ യഥാർത്ഥ തുക പ്രതിഫലിക്കുന്നില്ല | 1-15 |
| 23 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സാമ്പത്തിക ബാധ്യത കുറവു ചെയ്യേണ്ടതാണ് | 1-16 |
| 24 | തെരുവു വിളക്ക് അറ്റകുറ്റപണിക്കുള്ള AMC കരാർ നൽകൽ- | 1-17 |

| | | |
|---|---|---|
| | നടപടിക്രമങ്ങളിൽ അപാകങ്ങൾ | |
| 25 | മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - IRTC ക്ക് എസ്റ്റിമേറ്റ് തുക പൂർണ്ണമായും കൈമാറിയെങ്കിലും പ്ലാന്റ് യാഥാർത്ഥ്യമായില്ല | 1-18 |
| 26 | അമൃതം ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-19 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-20 |
| 28 | ഗോത്രസാരഥി പദ്ധതി- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-21 |
| 29 | ലൈഫ് ഭവനനിർമ്മാണം- ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തേണ്ടതാണ് | 1-22 |
| 30 | ടോയ്‌ലറ്റ് നിർമ്മാണം(ജനറൽ) - ആനുകൂല്യം അനുവദിച്ചതിൽ അപാകം | 1-23 |
| 31 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-24 |
| 32 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-25 |
| 33 | കരാറുകാർക്ക് ടെണ്ടർ എക്സസ് കുടിശ്ശിക നൽകുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-26 |
| 34 | അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ് | 1-27 |
| 35 | തനത് ഫണ്ടിലേക്ക് മാറ്റിയ ടാർ ബാരലുകളുടെ വിലയുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-28 |
| 36 | ടേക്ക് എ-ബ്രേക് പദ്ധതി - ഭൗതിക ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് | 1-29 |
| 37 | സ്ഥലലഭ്യത ഉറപ്പാക്കാതെ റോഡ് പ്രവൃത്തി ഏറ്റെടുത്തു | 1-30 |
| 38 | ഒലിംകടവ് കുടിവെള്ള പദ്ധതി - നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണ് | 1-31 |
| 39 | സ്ഥല ലഭ്യത ഉറപ്പാക്കാതെ കുടിവെള്ള പദ്ധതി ഏറ്റെടുത്തു | 1-32 |
| 40 | ആയുർവേദ ആശുപത്രിയുടെ നവീകരണത്തിന്റെ ഭാഗമായി ഇളക്കിമാറ്റിയ ജനൽ കൈയ്യൊഴിക്കേണ്ടതാണ് | 1-33 |
| 41 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-34 |
| 42 | സ്വകാര്യ സ്കൂളിലെ നിർമ്മാണ പ്രവൃത്തി - മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ് | 1-35 |
| 43 | വാഹനത്തിന്റെ മെയിന്റനൻസ് - മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ് | 1-36 |
| 44 | പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലത്തിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തുവെങ്കിലും ഉടമസ്ഥാവകാശ രേഖകൾ കൃത്യമാണെന്ന് ഉറപ്പാക്കിയില്ല | 1-37 |

ഭാഗം **2**

--- No Records Found ---


| | | |
|---|---|---|
| ഭാഗം **3** | | |
| 1 | പഞ്ചായത്തിന് സൗജന്യമായി വിട്ടു കിട്ടിയ സ്ഥലത്തിന്റെ രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീ ഒടുക്കിയത് അംഗീകരിക്കുന്നില്ല | 3-1 |
| 2 | ടോയ്‌ലറ്റ് നിർമ്മാണം(ജനറൽ) - ആനുകൂല്യം അനുവദിച്ചതിൽ അപാകം | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യേവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് - പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2,98,15,830 |
| തൻവർഷം വരവ് | 47,55,94,600 |
| ആകെ വരവ് | 50,54,10,430 |
| ചെലവ് | 48,90,05,867 |
| നീക്കിയിരിപ്പ് | 1,64,04,563 |

22-02-2022 ലെ തീരുമാനം നം. 8/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 47,55,94,600 | 9,60,30,599 |
| തൻവർഷത്തെ ചെലവ് | 48,90,05,867 | 10,07,42,235 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 31-5-2022 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. KURDFC വായ്പാ തുകയുടെ യഥാർത്ഥ നീക്കിയിരിപ്പ് തുകയെക്കാൾ കുറവായി ബാലൻസ് ഷീറ്റിലെ B5 പത്രികയിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനത്തിന്റെ യഥാർത്ഥ വരവും ചെലവും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. 2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,32,21,903 |
| വരവ് | 9,60,30,599 |
| ആകെ | 10,92,52,502 |
| ചെലവ് | 10,07,42,235 |

| | |
|---|---|
| നീക്കിയിരിപ്പ് | 85,10,267 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 17602902 | 17602902 | 16650535 | 952367 |
| വികസനഫണ്ട് -എസ്.സി.പി | 0 | 9117545 | 9117545 | 7319451 | 1798094 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 2425416 | 2425416 | 1965027 | 460389 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15312458 | 15312458 | 9237149 | 6075309 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7701181 | 7701181 | 5313997 | 2387184 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 3982411 (*) | 3982411 | 2878141 | 1104270 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 5811000 | 5811000 | 5652719 | 158281 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 812783 | 812783 | 812783 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 2780863 | 2780863 | 2780863 | 0 |

(*) 3982411 രൂപയിൽ തൻവർഷത്തെ അലോട്ട്മെന്റ് ആയ 3874000 രൂപയും പലിശ 108411 രൂപയും ഉൾപ്പെടുന്നു.

കേന്ദ്രാവിഷ്കൃതം

എ)

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 2112295 | 1390345 | 3502640 | 630238 | 2872402 |
| TSC | 329645 | 0 | 329645 | 0 | 329645 |
| കേന്ദ്രാവിഷ്കൃതം-Total Sanitation | 1100606 | 33587 | 1134193 | 0 | 1134193 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10677 | 511135 | 521812 | 518477 | 3335 |
| തൊഴിലാളികളുടെ വേതനം | 0 | 24610005 | 24610005 | 24610005 | 0 |
| ആകെ | 10677 | 25121140 | 25131817 | 25128482 | 3335 |

C)സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 3426886 | 33155 | 3460041 | 926104 | 2533937 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 185683407 | 158 | 73154254 | - | 59 | 73 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 7667300 | 6483052 | 85 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1404120 | 849507 | 61 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 8 | 2763532 | 2466889 | 89 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 1041000 | 1040500 | 100 |
| വി.ഇ.ഒ -1 | 10 | 9 | 42201100 | 7463064 | 18 |
| വി.ഇ.ഒ -2 | 15 | 11 | 66741800 | 8273783 | 12 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10 | 6704393 | 5252420 | 78 |
| സെക്രട്ടറി | 52 | 36 | 15922120 | 13028780 | 82 |
| എച്ച്.എം | 4 | 4 | 1299008 | 1097754 | 85 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 92 | 61 | 35634950 | 23713019 | 67 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 800000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 200000 | 0 | 0 |
| അസി.സെക്രട്ടറി | 9 | 7 | 3304084 | 2685486 | 81 |
| ആകെ | 217 | 158 | 185683407 | 73154254 | 39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10677 | 511135 | 521812 | 518477 | 3335 |
| തൊഴിലാളികളുടെ വേതനം | 0 | 24610005 | 24610005 | 24610005 | 0 |
| ആകെ | 10677 | 25121140 | 25131817 | 25128482 | 3335 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7666000 | 495 |
| 3 | വിധവാ പെൻഷൻ | 24569800 | 1631 |
| 4 | വാർദ്ധക്യകാല പെൻഷൻ | 41303600 | 3037 |
| 5 | വികലാംഗ പെൻഷൻ | 5770000 | 395 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1116800 | 75 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-1-2023ന് സ്ഥാപനത്തിലെ അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 3741/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.
വാർഷിക കണക്ക് തയ്യാറാക്കുന്നതിനു മുമ്പായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ കണക്കുകളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിൽ പോരായ്മ ഉണ്ടായിട്ടുണ്ട്. വായ്പയിനത്തിൽ തിരിച്ചടയ്ക്കുവാനുള്ള യഥാർത്ഥ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്തതും മേൽനോട്ടക്കുറവിന്റെ പോരായ്മയായി വിലയിരുത്തുന്നു.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022 ഏപ്രിൽ മാസം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2015-16 വരെയുള്ള കണക്കുകൾ അക്കൌണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് നവംബർ, 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഗുരുതരമായി പരാമർശങ്ങൾ ഒന്നുമില്ല.

## 1-11 വസ്തു നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികളായി ചേർക്കുന്നു.

### 1-11-1 കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നില്ല

പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ കാര്യത്തിൽ Kerala MSME Facilitation Act, 2019, Kerala MSME Facilitation Rules, 2020 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റു സാക്ഷ്യപത്രം

(Acknowledgement Certificate) ലഭ്യമാക്കുകയാണെങ്കിൽ വിവിധ അധികാര സ്ഥാനങ്ങളിൽ നിന്നുള്ള അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷം വരെ അവയെ ഒഴിവാക്കുന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയതായി നിയമത്തിൽ വ്യക്തമാക്കിയിട്ടില്ല. വണ്ടാഴി ഗ്രാമപഞ്ചായത്തിൽ 5 എം.എസ്.എം.ഇ കൾ വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനമായ KSWIFT പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം നേടി പ്രവർത്തിക്കുന്നതായി വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | യൂണിക്ക് ഐ.ഡി | ഉടമയുടെ പേര് | വിലാസം |
|---|---|---|---|
| ആർ.ആർ വി.കോക്കനട്ട് ഓയിൽ | KLMSME-86/ 2022 | രഞ്ജിത്ത്.ആർ | പള്ളിപറമ്പ്, വണ്ടാഴി |
| സെന്റ്മേരീസ് ഓയിൽ &ഡ്രയർ | KLMSME-2729/2022 | ഡെന്നി ഷാജു | കട്ടാക്കയം, ഒലിംകടവ് |
| കൃഷ്ണ കെയർ | KLMSME-4491/2022 | കൃഷ്ണദാസ്.എം | പാറപ്പടി ഹൌസ്, വണ്ടാഴി |
| ഷാജി ട്രൈഡേഴ്സ് | KLMSME-5611/2022 | വഹീദ | ലക്ഷംവീട്, നെല്ലിക്കാട്, മുടപ്പല്ലൂർ |
| എസ്.എ3 അസോസിയേറ്റ് | KLMSME-11253/2022 | ഷിബു.എസ് | ചേപ്പാടം, മാത്തൂർ |

ഈ സ്ഥാപനങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/19-01-2023 ന് സഞ്ചയ ഡാറ്റാബേസ് പ്രകാരം ടി വ്യക്തികളുടെ പേരിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്നും സ്ഥാപനങ്ങൾ സംബന്ധിച്ച് വിവരം ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണെങ്കിൽ ആയതിന് ഫീൽഡ് പരിശോധന നടത്തേണ്ടതുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തി വസ്തു നികുതി ചുമത്തുകയും തൊഴിൽ നികുതി അടപ്പിക്കുകയും ചെയ്യുന്നതാണെന്നും വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-11-2 സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം കൃത്യമല്ല

ഗ്രാമപഞ്ചായത്തിൽ സഞ്ചയ ഡാറ്റാബേസിൽ ഒരു എം.എസ്.എം.ഇ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ ഓഡിറ്റിനെ നേരിട്ട് വിവരം അറിയിച്ചിതനുസരിച്ച് വണ്ടാഴി ഗ്രാമപഞ്ചായത്തിൽ 18 എം.എസ്.എം.ഇ കൾ അടുത്തിടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ എം.എസ്.എം.ഇ കൾ ഉള്ളതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം.2/19-01-2023 നുള്ള മറുപടിയിൽ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടാത്ത എം.എസ്.എം.ഇ കളുടെ വിവരം വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ച് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓരോ വാർഡിലെയും എം.എസ്.എം.ഇ കളുടെ കണക്ക് ശേഖരിച്ച് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് 2006 ലെ എം.എസ്.ഇം.ഇ. ആക്ട് അനുസരിച്ചുള്ള കാറ്റഗറിയിൽ പ്രസ്തുത സ്ഥാപനങ്ങളെ

ഉൾപ്പെടുത്തുവാൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും വസ്തുനികുതി പുന:ക്രമീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-12 പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ഷട്ടർ ഫീ പ്രത്യേകമായി ഈടാക്കേണ്ടതില്ല

വാണിജ്യാവശ്യത്തിനുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ഫീയോടൊപ്പം ഷട്ടർ ഒന്നിന് 300/- രൂപ വീതം ഈടാക്കിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | ഉടമയുടെ പേര് | ഈടാക്കിയ ഷട്ടർ ഫീ |
|---|---|---|
| എ4-5989/2021 | ഹക്കീം.ഇ, സിയ മൻസിൽ, പുത്തൻ തറ, ചിറ്റലഞ്ചേരി | 10*300=3000 |
| എ4-5052/2021 | ചന്ദ്രൻ, വള്ളിയോട്, മുടപ്പല്ലൂർ | 4*300=1200 |
| എ4-5495/2021 | മീരാൻ സാഹിബ്, കിഴക്ക് മുറി, വണ്ടാഴി | 19*300=5700 |

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ II പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുകയോ പുതിയതായി സ്ഥാപിക്കുകയോ ചെയ്യുന്നതിനാണ് 300/- രൂപ പെർമിറ്റ് ഫീയിനത്തിൽ ഈടാക്കേണ്ടത്. പുതിയ പെർമിറ്റ് അനുവദിക്കുമ്പോൾ ഷട്ടറുകൾക്ക് പ്രത്യേക ഫീ ഈടാക്കേണ്ടതില്ല. ഓഡിറ്റ് അന്വേഷണം നം. 2/21-01-2023 നുള്ള മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

2021-22 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.15/21-1-2013 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്).

### 1-13-1 വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതിച്ചെലവ് താഴെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10677 | 511135 | 521812 | 518477 | 3335 |
| തൊഴിലാളികളുടെ വേതനം | 0 | 24610005 | 24610005 | 24610005 | 0 |
| ആകെ | 10677 | 25121140 | 25131817 | 25128482 | 3335 |

കാഷ്ബുക്ക്, എഫ്.ടി.ഒ രജിസ്റ്റർ പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10677 | 511135 | 521812 | 518196 | 3616 |
| തൊഴിലാളികളുടെ വേതനം | 0 | 28908295 | 28908295 | 28908295 | 0 |
| ആകെ | 10677 | 29419430 | 29430107 | 29426491 | 3616 |

മേൽ സൂചിപ്പിച്ച വിധം വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ MGNREGS ന്റെ ക്യാഷ്ബുക്ക്, വേതനം കൈമാറിയതിന്റെ കണക്കുകൾ എന്നിവ പരിശോധിച്ച് കണക്കുകൾ കൃത്യമാണെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13-2 MGNREGS-വ്യക്തിഗത മെറ്റീരിയൽ വർക്കുകൾ സ്റ്റോക്കിലെടുക്കൽ -മാസ്റ്റർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

06-01-2022 ൽ കേന്ദ്ര സർക്കാരിന്റെ Ministry Of Rural Development Department പുറപ്പെടുവിച്ച Annual Master Circular പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകൾ വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വണ്ടാഴി ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കായി 110 മെറ്റീരിയൽ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. സോക്ക്പിറ്റ് നിർമ്മാണം, കംപോസ്റ്റ് പിറ്റ് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, പശുത്തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, എന്നീ മേഖലകളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

പ്രവൃത്തികൾക്കാവശ്യമായ വസ്തുക്കൾ ഗുണഭോക്താക്കൾതന്നെ നേരിട്ട് വാങ്ങേണ്ടതും ലഭ്യമായ സാധനങ്ങൾ, ഉപയോഗിച്ചവ, ബാക്കിയുള്ളവ എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

വ്യക്തിഗത ഗുണഭോക്താക്കളുടെ പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ മാസ്റ്റർ സർക്കുലറിലെ ഖ.7.1(o) പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13-3 മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാൻ മാർഗ്ഗനിർദ്ദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവ് ചെയ്യേണ്ടത്.

2021-22 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.മനോജ്.എം, ചാമക്കാട് എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 2021-22 വർഷത്തിൽ 15 പ്രവൃത്തികളിലായി ആകെ 4298289/- രൂപയാണ് വിതരണക്കാരന് അനുവദിച്ചിട്ടുള്ളത്. 2021-22 വർഷത്തിൽ വിതരണക്കാരന് നൽകിയ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ബിൽ തുക നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയ തുക തൊട്ടടുത്ത മാസം ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ ഫൈൻ ബാധകമാണ്. ടി.ഡി.എസ് നടത്താതിരുന്നാൽ കരാറുകാരൻ കൈപ്പറ്റിയ തുകയ്ക്കുള്ള ജി.എസ്.ടി ഒടുക്കാതിരിക്കുവാൻ

സാധ്യതയുണ്ട്. മാസങ്ങൾ കഴിഞ്ഞ് ടി.ഡി.എസ് ഒടുക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള ജി.എസ്.ടി കരാറുകാരൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/21.01.23)നൽകിയ മറുപടിയിൽ മേൽ നിർദേശം ഭാവിയിൽ ശ്രദ്ധിക്കാമെന്നതാണ്.

## 1-14 തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിക്കുന്നതിനായി KSEB യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുക കൈമാറിയിട്ടുണ്ട്. KSEB, വടക്കഞ്ചേരി, മുടപ്പല്ലൂർ, കയറാടി ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ബിൽ നം., ബിൽ തിയ്യതി | ബിൽ തുക |
|---|---|---|---|
| 1 | 249/22- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ രണ്ടാം ഘട്ടം | 46/ 30.03.22 | 331972/- (12280/- വടക്കഞ്ചേരി KSEB സെക്ഷൻ, 31595/-കയറാടി സെക്ഷൻ ,KSEB 288097/- മുടപ്പല്ലൂർ സെക്ഷൻ , KSEB) |
| 2 | 22/22 തളികകല്ല് ആദിവാസി മേഖലയിലേക്ക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | 14//16.10.21 | 717916/-മുടപ്പല്ലൂർ സെക്ഷൻ , KSEB |
| 3 | 169/22സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിന് ലൈൻവലിക്കൽ | 35/11.03.22 | 194730/- (26580/-കയറാടി സെക്ഷൻ ,KSEB 168150/-മുടപ്പല്ലൂർ സെക്ഷൻ , KSEB, |
| 4 | 3/22വിവിധ വാർഡുകളിലെ വൈദ്യുത പോസ്റ്റ് മാറ്റി വയ്ക്കൽ | 125/29.08.21 370/28.02.22 | 77628/- 24939/-മുടപ്പല്ലൂർ സെക്ഷൻ , KSEB 52689/-മുടപ്പല്ലൂർ സെക്ഷൻ , KSEB |

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ബാക്കി തുക നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം നം. 4/19-1-23 ന് മറുപടി ലഭ്യമായില്ല.

## 1-15 വായ്പാ തിരിച്ചടവ്- വാർഷിക കണക്കിൽ യഥാർത്ഥ തുക പ്രതിഫലിക്കുന്നില്ല

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വായ്പാ തിരിച്ചടവിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം വിവിധ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും തിരിച്ചടവ് നടത്തുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | പ്രൊജക്റ്റ് നം. | ഫണ്ട് | തിരിച്ചടച്ച തുക |
|---|---|---|---|---|
| 1 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (General) | 211/22 | വികസന ഫണ്ട് | 1041333/- |

| | | | | |
|---|---|---|---|---|
| 2 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (TSP) | 213/22 | വികസന ഫണ്ട് TSP | 7333/- |
| 3 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (Scp) | 212/22 | വികസന ഫണ്ട്(scp) | 117333/- |
| 4 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | 210/22 | വികസന ഫണ്ട് | 88000/- |
| 5 | ലൈഫ് മിഷൻ വായ്പ (ജനറൽ) തിരിച്ചടവ് | 209/22 | വികസന ഫണ്ട് | 176000/- |
| | | | ആകെ | 1429999/- |

വിവിധ പ്രോജക്ടുകൾ പ്രകാരം തിരിച്ചടച്ച തുക 1429999/- രൂപയാണ്. മുൻവർഷം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയും തൻവർഷം ലഭിച്ച വായ്പാ തുകയും ചേർത്ത് 25380001/- (25160001/- +220000/-) രൂപയാണ് ബാക്കിയുണ്ടായിരുന്നത്. ആയതിൽ തൻവർഷം വായ്പാ അടവ് കഴിഞ്ഞ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ള യഥാർത്ഥ തുക 23950002/- രൂപ(25380001-1429999)യാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B5 ഷെഡ്യൂൾ പ്രകാരം Secured ലോൺ ഇനത്തിലുള്ള തുക 23510002/- രൂപയാണ്.

ബാലൻസ് ഷീറ്റിൽ(ബി-4) തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക 440000/- രൂപ കുറവായാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ അടക്കാൻ ബാലൻസുള്ള വായ്പാതുക കുറവായി രേഖപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ(നം.5/19.01.23) വിവിധ ഗുണഭോക്താക്കൾക്കായി നൽകിയ തുക 440000/- വായ്പ തിരിച്ചടവ് ഹെഡിൽ കാണിച്ചതിനാലാണ് ഈ വ്യത്യാസം വന്നത് എന്നും ആയത് യഥാർത്ഥ ഹെഡിലേക്ക് ജോർണൽ എൻട്രി ഇട്ട് ക്രമവൽക്കരണം നടത്തി ബാലൻസ് ഷീറ്റ് (B5) ൽ ശരിയാക്കാമെന്നുമാണ്. തെറ്റായി രേഖപ്പെടുത്തിയ വായ്പാ തിരിച്ചടവ് തുക തുടർ വർഷത്തെ വാർഷിക കണക്കിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-16 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സാമ്പത്തിക ബാധ്യത കുറവു ചെയ്യേണ്ടതാണ്

2002-03 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള താഴെ പറയുന്ന 5 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പരിപാലിച്ചു വരുന്നത്.

1. മാത്തൂർ കുടിവെള്ള പദ്ധതി.
2. വടക്കേപ്പുഴ കുടിവെള്ള പദ്ധതി.
3. പയ്യാറോഡ് കുടിവെള്ള പദ്ധതി.
4. പുളിക്കൽ പറമ്പ് കുടിവെള്ള പദ്ധതി.
5. വളയൽ കുടിവെള്ള പദ്ധതി.

ഈ കുടിവെള്ള പദ്ധതികൾ 30.05.2009 ലെ സ.ഉ(പി)നം.1275/09/തസ്വഭവ ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നാളിതുവരെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

മേൽ സൂചിപ്പിച്ച പദ്ധതികളുടെ കീഴിലുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി | ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വളയൽ | 103 |
| 2 | പുളിക്കൽ പറമ്പ് | 201 |
| 3 | മാത്തൂർ | 153 |
| 4 | വടക്കേപ്പുഴ, പയ്യാറോഡ് | 247 |
| ആകെ | | 702/- |

കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള നിബന്ധനകളിലെ ക്രമ നം. 9 പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് 20000 ലിറ്റർ വരെ പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 200 രൂപയും പ്രതിമാസ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 20000 ലിറ്ററിന്

പുറമേയുള്ള ഓരോ ലിറ്ററിനും യഥാക്രമം 10 രൂപ, 20 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

വാർഷിക ധനകാര്യ പത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ വാട്ടർ ചാർജ്ജ് ഇനത്തിൽ ഡിമാന്റ് ചെയ്തതിന്റെയും പിരിച്ചെടുത്തതിന്റെയും കുടിശ്ശികയുടെയും വിവരം താഴെ കൊടുക്കുന്നു.

| ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് |
|---|---|---|
| 896700 | 338500 | 558200 |

കുടിശ്ശിക പിരിച്ചെടുത്ത തിന്റെ വിവരം

| ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് |
|---|---|---|
| 1620300 | 202500 | 1417800 |

കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി 4 പമ്പ് ഓപ്പറേറ്റർമാരെ 600/- ദിവസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്. പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ് എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് 2021-22 വർഷം ഉണ്ടായ ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് | 780834/- |
| 2 | പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 876000/- |
| 3 | പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾ | 300000/- |
| | ആകെ | 1956834/ |

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/21-1-2023) കുടിവെള്ള കണക്ഷൻ കൈമാറികിട്ടിയ കാലത്തെ കുടിശ്ശിക തുകയാണ് കുടിശ്ശിക രജിസ്റ്ററിൽ വന്നിട്ടുള്ളത് എന്നും അരിയർ രജിസ്റ്ററിൽ വന്ന എല്ലാ കൺസ്യൂമർ നമ്പറുകളുടെ ഉടമസ്ഥർക്കും നോട്ടീസ് അയച്ചിട്ടുണ്ടെന്നും തുടർന്ന് അടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നാണെന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതി മുഖേന നടത്താൻ യോഗം വിളിച്ചുകൂട്ടിയിരുന്നുവെന്നും കാലാഹരണപ്പെട്ടതും തുരുമ്പിച്ചതുമായ കുടിവെള്ള പൈപ്പ് ലൈനുകൾ പൊതുമരാമത്ത് പാതകളുടെ മദ്ധ്യഭാഗത്തുകൂടി കടന്നുപോയിട്ടുള്ളതിനാൽ ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കാൻ മുന്നോട്ടുവരാത്തസാഹചര്യം നിലനിൽക്കുന്നതിനാലാണ് ഗുണഭോക്തൃ സമിതികൾക്കൾക്ക് കൈമാറാത്തതെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. മംഗലംഡാം കുടിവെള്ള പദ്ധതി (ജൽ ജീവൻ മിഷൻ) പദ്ധതി അന്തിമ ഘട്ടത്തിലാണെന്നും പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് മേൽ സൂചിപ്പിച്ച കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളെ മംഗലംഡാം പദ്ധതിയിൽ ഏറ്റെടുക്കുമെന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, റിപ്പയർ ചാർജ്ജ് എന്നീ ഇനങ്ങളിൽ അധിക ചെലവുള്ളതിനാൽ ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കൃത്യമായി ഈടാക്കാത്തത് ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാക്കുമെന്നതിനാൽ മംഗലം ഡാംപദ്ധതി ആരംഭിക്കുന്നതുവരെ ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കൃത്യമായി ഈടാക്കുവാനും കുടിശ്ശിക കണക്കാക്കി ആയത് പിരിച്ചെടുക്കുവാനും നടപടി അടിയന്തിരമായി ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 തെരുവു വിളക്ക് അറ്റകുറ്റപണിക്കുള്ള AMC കരാർ നൽകൽ- നടപടിക്രമങ്ങളിൽ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തെരുവു വിളക്കുകളുടെ എ.എം.സി ക്കായി താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

1) പ്രോജക്ട് നം. 216/2021 തെരുവുവിളക്ക് അറ്റകുറ്റപണികൾ AMCരണ്ടാം ഘട്ടം

അടങ്കൽ - 300000/- (വികസന ഫണ്ട് ജനറൽ)

ചെലവ് - 299570/-, ബിൽ നം. 39/24.03.22

22.01.2022 തിയ്യതിയിലെ ഭരണസമിതി തീരുമാനം 3(2).

എഗ്രിമെന്റ് നം. 25/21-22/09.02.22

കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത റിതു ഏജൻസീസ് കടമ്പഴിപ്പുറം, പാലക്കാട് എന്ന സ്ഥാപനത്തിന് വിവിധ വാർഡുകളിലെ തെരുവുവിളക്ക് അറ്റകുറ്റപണികൾക്കായി AMC ക്കുള്ള കരാർ ഉറപ്പിച്ച നൽകിയിട്ടുണ്ട്. എൽ.ഇ.ഡി ബൾബുകൾ കൂടാതെ ഷേയ്ഡ് ഹോൾഡർ, ഇൻസുലേഷൻ, വയറിംഗ്, സർവീസ് ചാർജ്ജ് ഉൾപ്പെടെയാണ് ടെണ്ടർ തുക നിശ്ചയിച്ചിരിക്കുന്നത്. അതു പ്രകാരം താഴെ പറയുന്ന രീതിയിലാണ് തുക ഉറപ്പിച്ചിരിക്കുന്നത്.

12 W LED- 585/-

24 W LED തെരുവുവിളക്ക് -1235/-

25 W LED തെരുവുവിളക്ക് -1368/

100W FLOOD LIGHT -11800/

മേൽപറഞ്ഞപ്രകാരം എല്ലാത്തരം തെരുവുവിളക്കുകളുടെയും കേടുവന്നവ ഉൾപ്പെടെ റിപ്പയർ ചെയ്യുവാനുള്ള കരാർ 22.02.22 മുതൽ ഒരു വർഷത്തേക്കാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ പ്രോജക്ടിന്റെ നിർവഹത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) ടെണ്ടർ പ്രകാരം ഓരോ ഇനം ബൾബ് മാറ്റിവക്കുന്നതിനാണ് തുക നിശ്ചയിച്ചിരിക്കുന്നത്. ബൾബ്, വയറിംഗ്, ഹോൾഡർ, ഷേയ്ഡ്, ഇൻസുലേഷൻ വർക്കുകൾ, റിപ്പയിംഗ്, സർവീസ് ചാർജ്, ബൾബുകളുടെ വില എന്നിവ പ്രത്യേകം കാണിച്ചിട്ടില്ല. തെരുവു വിളക്ക റിപ്പയറിൽ തെരുവു വിളക്ക മാറ്റി വയ്ക്കൽ മാത്രമല്ല ഇൻസുലേഷൻ, വയറിംഗ് എന്നിവയും ഉൾപ്പെടുന്നു. ആയതിനും വിളക്ക മാറ്റി വയ്ക്കുന്നതിന്റെ അതേ നിരക്കിൽ എ.എം.സി തുക നിശ്ചയിച്ചത് ശാസ്ത്രീയമല്ല. ടെണ്ടർ പരസ്യത്തിലും യഥാർത്ഥ ആവശ്യകത നിശ്ചയിച്ചിട്ടില്ല. ഓരോന്നിന്റെയും സ്പെസിഫിക്കേഷൻ പ്രത്യേകം കാണിക്കാതെയാണ് AMC ക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

2) തെരുവു വിളക്ക് എ.എം.സി ക്കായുള്ള തീരുമാനങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ഓരോ വാർഡിലെയും മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ തെരുവു വിളക്ക് റിപ്പയർ ചെയ്ത തിയതി, റിപ്പയർ ചെയ്ത എണ്ണം എന്നിവ വ്യക്തമല്ല.

4) നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവയുടെ എണ്ണം എന്നിവ സംബന്ധിച്ച സംയുക്ത പരിശോധന നടത്തി ശേഖരിച്ചിട്ടില്ല.

5) കരാർ പ്രകാരം എ.എം.സി പ്രകാരമുള്ള തുകയുടെ ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് നിയമാനുസൃത കിഴിവുകൾക്കുശേഷം മൂന്ന മാസം കൂടുമ്പോൾ നൽകാമെന്നാണെങ്കിലും ഒറ്റ ബില്ലിലൂടെ മുഴുവൻ തുകയും നൽകിയത് വ്യവസ്ഥകളുടെ ലംഘനമാണ്.

6) തെരുവുവിളക്കുകൾ വാങ്ങുന്നതിന്റെ ടെണ്ടറിനായി വിതരണം ചെയ്തിട്ടുള്ളത് മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ ടെണ്ടർ ഫോറങ്ങളാണ്. സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.18 പ്രകാരമുള്ള അനക്സർ 2 ലെ ടെണ്ടർ ഫോറങ്ങളാണ് വാങ്ങലുകൾക്കായി ഉപയോഗിക്കേണ്ടത്.

7) ടെണ്ടർ പരസ്യ പ്രകാരം അടങ്കൽ തുകയായ 300000 രൂപയുടെ 1.5% ആയ 4500 രൂപയാണ് EMD നിശ്ചയിച്ചിട്ടുള്ളത്. സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 8.2 പ്രകാരം വാങ്ങലുകളുടെ കാര്യത്തിൽ അടങ്കൽ തുകയുടെ 1% ആണ് ഇ.എം.ഡി ഈടാക്കേണ്ടത്.

തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിക്കുള്ള ടെണ്ടർ ക്ഷണിക്കുന്നതിനുമുമ്പായി നിലവിലുള്ള തെരുവു വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് ഉണ്ടാകേണ്ടതും മുൻവർഷങ്ങളിൽ സ്ഥാപിച്ചവയിൽ വാറണ്ടി ഉള്ളവ ഒഴിവാക്കി ബാക്കിയുള്ളവയ്ക്ക് മാത്രം എ.എം.സി കരാർ നൽകേണ്ടതുമാണ്. ആവശ്യകത വ്യക്തമായി ടെണ്ടർ അന്വേഷണ രേഖകളിൽ ഉണ്ടാകേണ്ടതാണ്. ടെണ്ടർ നടപടിക്രമങ്ങൾ പ്രൊക്യുർമെന്റ് മാർഗ്ഗരേഖയ്ക്കും സ്റ്റോർസ് പർച്ചേസ് മാന്വലിനും അനുസൃതമായിരിക്കുവാനും

ശ്രദ്ധിക്കേണ്ടതാണ്. ബൾബുകൾ GeM പോർട്ടൽ മുഖേന വാങ്ങി നൽകുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് അന്വേഷണം നം. 11/20-1-23) മറുപടി ലഭ്യമാക്കിയതിൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാമെന്നതാണ്.

1-18 മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - IRTC ക്ക് എസ്റ്റിമേറ്റ് തുക പൂർണ്ണമായും കൈമാറിയെങ്കിലും പ്ലാന്റ് യാഥാർത്ഥ്യമായില്ല

ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ പെരണംകാട് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ശ്മശാനത്തിന്റെ ഒരു ഭാഗത്ത് മാലിന്യ സംസ്കരണ പ്ലാന്റ്(വിൻട്രോ കംപോസ്റ്റ്) സ്ഥാപിക്കുവാനും മെഷിനറികൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ട് തൻവർഷം രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ അക്രഡിറ്റേഷൻ ഉള്ള IRTC, മുണ്ടൂരിനെയാണ് നിർവ്വഹണച്ചുമതല ഏൽപ്പിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആദ്യ ഘട്ടത്തിൽ ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 34 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. IRTC യിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് 38 ലക്ഷം രൂപയുടെ ആയതിനാൽ മറ്റൊരു പ്രോജക്ട് കൂടി ആവിഷ്കരിച്ച് 448950 രൂപ കൂടി വകയിരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

എഗ്രിമെന്റ് നം. 29/26-2-2022

1. പ്രൊ.നം.190/22, പെരണംകാട് ശ്മശാനം മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ
അടങ്കൽ - 3400000 (CFC – Tied Fund)
ചെലവ് - 34,00,000/- രൂപ
ബിൽ നം. 450/21.03.22 – 2213850 രൂപ, 449/21.03.22 – 494500 രൂപ, 493/27.03.22 – 691650 രൂപ
2. പ്രൊ.നം.240/22 , പെരണംകാട് ശ്മശാനം മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ
അടങ്കൽ - 448950(കേന്ദ്രാവിഷ്കൃതം)
ചെലവ് - 400000/- രൂപ
ബിൽ നം. 451/21.03.22

വിൻട്രോ കംപോസ്റ്റിംഗ് പ്ലാന്റിന്റെ 38 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 22-2-2022 ലെ നം. 5500/C1/2012/SM പ്രകാരം ശുചിത്വമിഷന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. താഴെ പറയുന്ന ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | ഷെഡ് നിർമ്മാണം | 2081937.21 |
| 2 | വൈദ്യുതീകരണം | 200000 |
| 3 | നെയിം ബോർഡ് | 4000 |
| 4 | ലോക്കിംഗ് അറേഞ്ച്മെന്റ്സ് | 2000 |
| 5 | മാനേജ്മെന്റ് ചാർജ്ജ് | 183034 |
| 6 | GST 12% (Civil Work) | 274552.47 |
| 7 | GST 18% (Management Fee & Service Charge) | 32946.12 |
| 9 | മെക്കാനിക്കൽ മെഷിനറി (Including GST) | 1020950 |
| 10 | മറ്റ് ചെലവ് | 579.04 |
| | ഒട്ടാകെ | 38 ലക്ഷം |

ഫയൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുമുമ്പ് തന്നെ പ്രോജക്ട് ആവിഷ്കരിച്ചതിനാൽ ബാക്കി തുക കണ്ടെത്തുന്നതിനായി മറ്റൊരു പ്രോജക്ട് കൂടി ആവിഷ്കരിക്കേണ്ടിവന്നു.

2. എഗ്രിമെന്റ് പ്രകാരം നിർമ്മാണ ചെലവ്, മാനേജ്മെന്റ് ചാർജ്ജ്, ജി.എസ്.ടി അടക്കം

ഐ.ആർ.ടി.സിക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള 38 ലക്ഷം രൂപയും മേൽ സൂചിപ്പിച്ച പ്രകാരം IRTC ക്ക് കൈമാറിയത് ക്രമപ്രകാരമല്ല. സ.ഉ(പി)നം.67/21/ ഫിൻ തിയതി 28-04-2021 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികൾക്കുള്ള മാർഗ്ഗരേഖയിലെ ഖ. 13.3 പ്രകാരം നേരിട്ട് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്ന ഏജൻസികൾക്ക് പ്രവൃത്തിയുടെ മൂല്യത്തിന്റെ 20% മാത്രമാണ് മുൻകൂർ നൽകാവുന്നത്. തുടർന്നുള്ള പാർട്ട് ബില്ലുകളിൽ നിന്നും ആനുപാതിക അടിസ്ഥാനത്തിൽ തുക കുറവു ചെയ്യേണ്ടതുമാണ്. ഖ.13.4 പ്രകാരം മാനേജ്മെന്റ് ചാർജ്ജിന്റെ 50% മുൻകൂറായും ബാക്കി തുക രണ്ട് ഗഡുക്കളായും നൽകേണ്ടതാണെങ്കിലും ആയതും പൂർണ്ണമായും നൽകിയിട്ടുണ്ട്. മുഴുവൻ തുകയും ഐ.ആർ.ടി.സിക്ക് അനുവദിച്ചത് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

4. പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി മൊത്തം അടങ്കൽ തുക പൂർണ്ണമായോ ഗഡുക്കളായോ പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതിരുന്നത് എഗ്രിമെന്റിന്റെ പോരായ്മയാണ്.

5. പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി തുക കൈപ്പറ്റിയ തിയതി മുതൽ ആറു മാസത്തെ സമയപരിധിയാണ് നൽകിയിരിക്കുന്നത്. ആയതിനുസരിച്ച് 25-08-2022 ന് പൂർത്തീകരിക്കേണ്ടിയിരുന്ന നിർമ്മാണപ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അസ്സൽ കരാറിന്റെ കാലാവധി കഴിഞ്ഞിട്ടും പുതുക്കിയ കരാർ ചമച്ച് പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല.

6. പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നാൽ IRTCക്കുള്ള ബാധ്യത കരാറിൽ സൂചിപ്പിച്ചിട്ടില്ല. ആയത് കരാറിന്റെ പോരായ്മയാണ്.

7. 2017 ലെ CGST/SGST ആക്ടിലെ സെക്ഷൻ 51(1) പ്രകാരമുള്ള ജി.എസ്.ടി ടി.ഡി.എസ് നടത്താതെയാണ് IRTC ക്ക് തുക കൈമാറിയിട്ടുള്ളത്. ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനാണെന്ന് ജി.എസ്.ടി നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് കണക്കിലെടുക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം തേടിയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അന്വേഷിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/19-1-23 ന് ലഭിച്ച മറുപടിയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.
'ഗ്രീൻ വണ്ടാഴി ക്ലീൻ വണ്ടാഴി' എന്ന ആശയത്തിന്റെ ഭാഗമായാണ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടത്. നിർമ്മാണ വസ്തുക്കളുടെ വില വർദ്ധന കൂടി കണക്കെലെടുത്താണ് രണ്ടാമതൊരു പ്രോജക്ട് കൂടി രൂപീകരിക്കേണ്ടി വന്നത്. പ്ലാന്റിൽ ഹരിത കർമ്മസേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുക എന്ന സദുദ്ദേശ്യത്തോടെയാണ് മുഴുവൻ തുകയും IRTC ക്ക് നൽകിയത്. നിലവിൽ 50% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ത്രീഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിലെ കാലതാമസം പ്രവൃത്തിയെ ബാധിച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വൈദ്യുതി കണക്ഷന്റെ ആവശ്യകത മുൻകൂട്ടി കാണാതെ പ്രവൃത്തി ഏറ്റെടുത്തതിനാലാണ് പൂർത്തീകരണം വൈകുന്നതെന്ന് വിലയിരുത്തുന്നു. പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കുന്നതിനായി എഗ്രിമെന്റ് വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കേണ്ടതും സമയപരിധി നിശ്ചയിക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനകം പൂർത്തീകരണം ഉറപ്പാക്കാതിരുന്നാൽ പിഴ ഉൾപ്പെടെയുള്ള നഷ്ടപരിഹാര വ്യവസ്ഥകൾ പുതുക്കിയ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.
'ഗ്രീൻ വണ്ടാഴി ക്ലീൻ വണ്ടാഴി' എന്ന ആശയത്തെ മുൻനിർത്തി അടിയന്തിര പൂർത്തീകരണം ലക്ഷ്യമിടുകയും ചെയ്തിരുന്നു എന്നതും വിൻഡ്രോ കംപോസ്റ്റ് പ്ലാന്റ് നിർമ്മാണം 50% പൂർത്തിയായിട്ടുണ്ട് എന്നുമുള്ള മറുപടി ഭാഗികമായി അംഗീകരിക്കുന്നു. എന്നാൽ, സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രം കൈമാറേണ്ടിയിരുന്ന മെക്കാനിക്കൽ മെഷിനറി(Including GST) സ്ഥാപിക്കുന്നതിനായി മുൻകൂർ നൽകിയ 1020950 രൂപ പ്ലാന്റിന്റെ പൂർത്തീകരണം ഉറപ്പാക്കുന്നതുവരെ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

പ്ലാന്റിന്റെ പൂർത്തീകരണം ഉറപ്പാക്കി 'ഗ്രീൻ വണ്ടാഴി ക്ലീൻ വണ്ടാഴി' എന്ന ആശയം പ്രാവർത്തികമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 അമൃതം ന്യൂട്രിമിക്സ് വിതരണത്തിന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

അങ്കണവാടി പോഷകാഹാരം എന്ന പേരിൽ നടപ്പാക്കിയ രണ്ട് പ്രോജക്ടുകളുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയപ്പോൾ പ്രസ്തുത ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 48/22- അങ്കണവാടി പോഷകാഹാരം(ജനറൽ) | 3300000 ( 2000000- വികസന ഫണ്ട് ജനറൽ + 1100000- കേന്ദ്രാവിഷ്കൃത ഫണ്ട് + 200000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 2667238 ( 2000000- വികസന ഫണ്ട് ജനറൽ + 567238 – കേന്ദ്രാവിഷ്കൃത ഫണ്ട് + 100000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| 49/22-അങ്കണവാടി പോഷകാഹാരം ( എസ്.സി) | 350000- വികസന ഫണ്ട് SCP | 350000- വികസന ഫണ്ട് SCP |
| 50/22 - അങ്കണവാടി പോഷകാഹാരം (എസ്.ടി) | 87667 – വികസന ഫണ്ട് TSP | 86881- വികസന ഫണ്ട് TSP |

മേൽ പ്രോജക്ടുകൾ പ്രകാരം അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത് ഹരിത കുടുംബശ്രീ യൂണിറ്റ്, വലതല എന്ന സ്ഥാപനത്തിൽ നിന്നാണ്. ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ സ്ഥാപനത്തിന് 16 ബില്ലുകൾ പ്രകാരം 1662274 രൂപ അനുവദിച്ചിട്ടുണ്ട്.

2017 ലെ സി.ജി.എസ്.ടി ആക്ട്/എസ്.ജി.എസ്.ടി ആക്ട് ലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് നടത്താതെ 5% ജി.എസ്.ടി ഉൾപ്പെടെ മുഴുവൻ തുകയും ഹരിത കുടുംബശ്രീ യൂണിറ്റ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.7/20-01-23) മറുപടിയിൽ സ്ഥാപനം ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും നിലവിൽ 2022-23 സാമ്പത്തിക വർഷം മുതൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയ ശേഷമാണ് തുക അനുവദിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സി.ജി.എസ്.ടി /എസ്.ജി.എസ്.ടി ആക്ട് ലെ വകുപ്പ് 122(1)(v) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവു ചെയ്യുന്നതിലോ കുറവു ചെയ്ത നികുതി സർക്കാരിലേക്ക് ഒടുക്കുന്നതിലോ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കേണ്ടി വരുമെന്നതിനാൽ കരാർ തുക 2.50 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകളിൽ ജി.എസ്.ടി ടി.ഡി.എസ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

പ്രോജക്റ്റ് - 65/22, വയോജനങ്ങൾക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ - 479600 (475860 – വികസന ഫണ്ട് + 3740 – തനത് ഫണ്ട്)
ചെലവ് - 474147 (വികസന ഫണ്ട്)
ബിൽ നം. - 28/30-03-22

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 109 കട്ടിലുകൾ ARTCO , കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

Cash Bill No. - KKD 772/30-03-22

ഒരു കട്ടിലിന് 4350 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ബിൽ പ്രകാരം കട്ടിലുകളുടെ ആകെ തുകയായ 474147 രൂപയിൽ 8036 രൂപ ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിനു ശേഷം ബാക്കി തുകയായ 466111 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് (4350 രൂപ) ഭരണസമിതിയുടെ 14-09-21 ലെ 5/13 നം. തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഒരു കട്ടിലിന് 4350 രൂപ എന്നത് സ.ഉ.(കൈ)നം.22/2018/തസ്വഭവ തി. 14-02-2018 (സബ്സിഡി മാർഗ്ഗരേഖ) പ്രകാരം അനുവദനീയമായിട്ടുള്ള പരമാവധി നിരക്കാണ്. പ്രസ്തുത നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ കട്ടിലുകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാതെയും ആർട്ട്കോയുടെ പ്രൈസ് ലിസ്റ്റിൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ഉണ്ടോ എന്ന് ഉറപ്പാക്കാതെയുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചർ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല.
ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 7/20-01-23) ഗുണനിലവാരം പരിശോധിക്കുവാനോ കൃത്യസമയത്ത് കട്ടിലുകൾ വിതരണം ചെയ്ത് പ്രോജക്റ്റ് സമയബന്ധിതമായി പൂർത്തിയാക്കാനോ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാലാണ് GeM മുഖേന വാങ്ങാതിരുന്നതെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയശേഷമാണ് ആർട്ട്കോയിൽ നിന്നും കട്ടിലുകൾ വാങ്ങിയിട്ടുള്ളതെന്നും ഇത്തരം അപാകങ്ങൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും കൂടുതൽ ലാഭവും സുതാര്യതയും ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഗോത്രസാരഥി പദ്ധതി- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്റ്റ് - 215/22, ഗോത്രസാരഥി പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്

അടങ്കൽ - 194750 (വികസന ഫണ്ട് TSP)

ചെലവ്- 126588 രൂപ

വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. സ.ഉ(സാധാ) നം.725/2020/തസ്വഭവ തി.01-04-2020 പ്രകാരം ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകൾക്ക് ടി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തിലെ തളികക്കല്ല് ആദിവാസി കോളനിയിലെ കുട്ടികളെ വീട്ടിൽ നിന്നും സ്കൂളിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വാഹനം ഏർപ്പെടുത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 ക്വട്ടേഷനുകൾ ലഭ്യമായിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത രതീഷ്, മംഗലം ഡാം എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. പ്രതിമാസം 38950 യാണ് അംഗീകരിച്ച നിരക്ക്. പ്രസ്തുത വ്യക്തിയുമായി 29-10-21 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2021 നവംബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള കാലയളവിൽ 21വിദ്യാർത്ഥികളെ സ്കൂളിൽ എത്തിച്ചതിന്റെ വാടക താഴെ പറയും പ്രകാരം അനുവദിച്ച നൽകിയിട്ടുണ്ട്.

| മാസം | നൽകിയ തുക | ബിൽ നം. |
|---|---|---|
| 11/2021,<br>12/2021 | 77900 | 2/15-01-22 |
| 01/2022 | 29213 | 4/11-02-22 |
| 02/2022 | 19475 | 6/07-03-22 |
| ആകെ | 126588 | |

ഗോത്രസാരഥി പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/20-01-23 ന് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-22 ലൈഫ് ഭവനനിർമ്മാണം- ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ-I & II

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 84/22 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം | 15000000 | 100000 |
| 81/22 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി | 12000000 | 4020000 |
| 116/22 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി (S.O) | 8440000 | 360000 |
| 117/22 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം (S.O) | 17990000 | 220000 |
| 91/22 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം | 15000000 | 1200000 |
| 115/22 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം (S.O) | 17420000 | 460000 |

### ലൈഫ് ഫേസ്- 2

രണ്ടാം ഘട്ടത്തിൽ ആകെ 151 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ എല്ലാവരുടേയും ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

### ഫേസ് 2A – SC, ST അഡീഷണൽ ലിസ്റ്റ്

13 പേർ എഗ്രിമെന്റ് വച്ചതിൽ 9 പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഫേസ് 2A- SC, ST അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട് എഗ്രിമെന്റ് വച്ച് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | എഗ്രിമെന്റ് വച്ച തീയതി |
|---|---|---|---|
| 1 | ചെല്ല W/o. ചാമി(Late), നെല്ലിക്കോട്, വണ്ടാഴി | 360000 | 08-02-2021 |
| 2 | ചന്ദ്രിക, നെല്ലിക്കോട്, വണ്ടാഴി | 360000 | 19-02-2021 |
| 3 | പ്രസീത W/o സുദേവൻ, പയ്യാ റോഡ്, മുടപ്പല്ലൂർ | 300000 | 26-11-2021 |
| 4 | ദേവു W/o വേലായുധൻ, കോഴിമുട്ടത്തറ, മണലിപ്പാടം | 360000 | 01-02-2022 |

ലൈഫ് ഫേസ് 3 (ഭൂരഹിതരുടെ പട്ടികയിലെ ഭൂമി ലഭ്യമായ ഗുണഭോക്താക്കൾ)

ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുകയും പിന്നീട് ഭൂമി ലഭിക്കുകയും ചെയ്ത 15 (ജനറൽ- 11, എസ്.സി- 4) ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 13 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വച്ച 2 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്.

മേൽ പട്ടികയിൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.13/21-01-23 ന് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-23 ടോയ്‌ലറ്റ് നിർമ്മാണം(ജനറൽ) - ആനുകൂല്യം അനുവദിച്ചതിൽ അപാകം

പ്രോജക്ട്- 183/22, ടോയ്‌ലറ്റ് നിർമ്മാണം(ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ-1

അടങ്കൽ - 1001000 (780000- കേന്ദ്രാവിഷ്കൃത ഫണ്ട്, 221000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 942800

ബിൽ നം. / വൗച്ചർ നം. - 629563/23-03-22 – 312000

629287/30-03-22- 300000

629285/30-03-22- 120000

28/08-03-22 – 88400 (CFC Tied)

35/24-03-22 – 88400 (CFC Tied)

44/30-03-22 – 34000 ( CFC Tied)

മേൽപറഞ്ഞ പ്രോജക്ട് പ്രകാരം 61 ഗുണഭോക്താക്കൾക്കായി 15400 രൂപ വീതം ടോയ്‌ലറ്റ് നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 61 പേരെക്കൂടാതെ ശ്രീമതി.പദ്മാവതി, പാലമൊക്ക് എന്ന ഗുണഭോക്താവിന് ബിൽ നം. 35/24-03-22 പ്രകാരം സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും 3400 രൂപ നൽകിയിട്ടുണ്ട് (A/c No.-62730100010880)എന്ന് ബോധ്യപ്പെട്ടു. എന്നാൽ ഇതേ ഗുണഭോക്താവിന് തന്നെ തൻവർഷം പ്രോജക്ട്നം.181/22, ടോയ്‌ലറ്റ് അറ്റകുറ്റപ്പണി(ജനറൽ) എന്ന പ്രോജക്ട് പ്രകാരം 9240 രൂപ (ബിൽ നം.14/15-02-22 ) പ്രകാരം നൽകിയിരുന്നു.

ടോയ്‌ലറ്റ് അറ്റകുറ്റപ്പണിയ്ക്കായി തുക നൽകിയ ഗുണഭോക്താവിന് ടോയ്‌ലറ്റ് നിർമ്മാണത്തിന് വീണ്ടും തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.14/21-01-22) മുഖേന ആവശ്യപ്പെട്ടതിന് പ്രസ്തുത ഗുണഭോക്താവിന് ടോയ്‌ലറ്റ് റിപ്പയർ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തുകയും

നൽകിയതിന് പുറമേ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 3400 രൂപ വീണ്ടും അനുവദിച്ചത് നിർവ്വഹണത്തിൽ സംഭവിച്ച പിഴവാണെന്നും തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഗ്രാമപഞ്ചായത്തിന്റെ സി.എഫ്.സി അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഖണ്ഡിക 3-2 കൂടി കാണുക)

## 1-24 വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

പ്രോജക്ട് - 18/22, വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 247950( 247950 – വികസന ഫണ്ട് SCP)

ചെലവ് - 243600

ബിൽ നം. - 15/30-03-22

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം 56 കട്ടിലുകൾ ARTCO, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 4350 രൂപയുടെ ഇൻവോയ്സ് ഭരണസമിതി 14-09-21 ലെ 5/13 നം. തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ Cash Bill No. - KKD 743/26-03-22 പ്രകാരം ഒരു കട്ടിലിന് 4350 രൂപ നിരക്കിലാണ് 56 കട്ടിലുകൾ വാങ്ങിയതിന് 243600 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ലഭ്യമല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല.

ഒരു കട്ടിലിന് 4350 രൂപ എന്നത് സ.ഉ.(കൈ)നം.22/2018/തസ്വഭവ തി. 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പരമാവധി നിരക്കാണ്. നേരിട്ട് വാങ്ങൽ നടത്തിയപ്പോൾ വിലപേശൽ നടത്തി കുറഞ്ഞ നിരക്കിൽ കട്ടിലുകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതയും നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ആർട്ട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതാണോ എന്നും പരിശോധിച്ചിട്ടില്ല.

കട്ടിലുകൾ ARTCO യിൽ നിന്നും നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.9/20-01-23 ന്റെ മറുപടിയിൽ അക്രഡിറ്റഡ് ഏജൻസിയായ ARTCO യിൽ നിന്നും നേരിട്ട് വാങ്ങി നിർവ്വഹണം നടത്തുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി സാമ്പിൾ പരിശോധിച്ചതിനു ശേഷമാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. GeM മുഖേന വാങ്ങുമ്പോൾ സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാവില്ല എന്നതുകൊണ്ടാണ് GeM മുഖേന വാങ്ങാതിരുന്നതെന്നും വരും വർഷങ്ങളിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ലാഭവും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 92 പ്രവൃത്തികളിൽ 61 എണ്ണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ 3.56 കോടി രൂപയിൽ 2.37 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 67% ആണ് തൻവർഷത്തെ ചെലവ്.

എ) മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച 34% പ്രോജക്ടുകൾ റോഡ് പ്രവൃത്തികൾക്കും 24% കെട്ടിടങ്ങൾക്കും 28% കുടിവെള്ള പദ്ധതികൾക്കും 14% മറ്റ് പ്രവൃത്തികൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്.

ബി) രേഖകളുടെ സൂക്ഷിപ്പ്

2012 ലെ PWD മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാതെയാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

ടാറിംഗ് പ്രവർത്തികൾ ഉൾപ്പെടുന്ന വിവിധ ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയായി ജി.എസ്.ടി ഉൾപ്പെടെ 295 രൂപ വീതം കുറവു ചെയ്ത് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ബാധകമായ ഹെഡിൽ ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

2. പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

4. ടാർ ബാരലുകളുടെ വിലയായി ഈടാക്കിയ തുകയുടെ ജി.എസ്.ടി ഒടുക്ക് ഉറപ്പുവരുത്തേണ്ടതാണ്.

സി) ആസ്തി സംരക്ഷണ പദ്ധതി

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ബിചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 15312458 | 9237149 | 6075309 | 60 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 7701181 | 5313997 | 2387184 | 69 |
| ആകെ | 23013639 | 14551146 | 8462493 | 63 |

ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ 63% തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരം പൊതു ആവശ്യ ഗ്രാന്റ്-മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയും സ.ഉ(എം.എസ്)നം. 300/2010/തസ്വഭവ തിയതി 10-12-2010 പ്രകാരം അധിക മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അങ്കണവാടികളുടെ നവീകരണത്തിന് മുന്നാമത്തെ മുൻഗണന നൽകേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. തണ്ടലോട്, മാപ്പിളപ്പറ്റ, കിഴക്കേത്തറ, മാത്തൂർ അങ്കണവാടികളുടെ നവീകരണത്തിനായി തുക വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം പ്രവൃത്തി നടപ്പാക്കിയിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണതയുള്ളതായി പ്രോജക്ടുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഉദാ. പ്രൊ.നം. 148/22 പ്രകാരം കടപ്പാറ വൃദ്ധ വിശ്രമകേന്ദ്രം നവീകരണത്തിനായി 56251 രൂപയും പ്രോജക്ട് നം. 98/21 പ്രകാരം സായംപ്രഭാ ഹോം കെയർ മെയിന്റനൻസിനായി 338959 രൂപയും നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ചലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വക മാറ്റുന്നത് മാർഗ്ഗരേഖകളുടെ ലംഘനമാണ്.

ഓരോ സ്ഥാപനത്തിന്റേയും ആവശ്യകത വിലയിരുത്തി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് മുൻഗണന നിശ്ചയിച്ച് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണ, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 6(1)/19-1-2023 പ്രകാരം മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യമായില്ല.

## 1-26 കരാറുകാർക്ക് ടെണ്ടർ എക്സസ് കുടിശ്ശിക നൽകുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്

സ.ഉ(സാധാ)നം.1778/21/LSGD തീയതി 16-9-2021 പ്രകാരം DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുവാനും 10% വരെ ടെണ്ടർ അധിക നിരക്ക് നൽകുവാനും അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 വർഷത്തിൽ 14 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ കരാറുകാർ അധിക നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക അനുവദിച്ചപ്പോൾ ഓരോ പ്രവൃത്തിക്കും ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബില്ലുകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

തനത് ഫണ്ട് പ്രവൃത്തി - 46455 രൂപ (രണ്ട് പ്രവൃത്തികൾ)

ടി.എസ്.പി വിഭാഗം പ്രവൃത്തികൾ - 17774 രൂപ (ഒരു പ്രവൃത്തി)

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് - 320062 രൂപ (10 പ്രവൃത്തികൾ)

CFC ഗ്രാന്റ് -Tied – 508 രൂപ (ഒരു പ്രവൃത്തി)

ആകെ കുടിശ്ശിക - 384799 രൂപ

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക നൽകുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(2)/19-1-2023 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-27 അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിൽ വടക്കഞ്ചേരി SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.371981225077) നിലവിൽ 199837 രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(3)/19-1-2023 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-28 തനത് ഫണ്ടിലേക്ക് മാറ്റിയ ടാർ ബാരലുകളുടെ വിലയുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ടാർ ബാരലുകളുടെ വിലയിനത്തിൽ ഈടാക്കി തനത് ഫണ്ടിലേക്ക് മാറ്റിയ തുകയിൽ നിന്നും ബാധകമായ ജി.എസ്.ടി ഒടുക്കിയതായി കാണുന്നില്ല. ബാരൽ ഒന്നിന് 295 രൂപ ഈടാക്കിയതിൽ ജി.എസ്.ടി കൂടി ഉൾപ്പെടുന്നുണ്ടെങ്കിലും ആയത് വേർതിരിച്ച് കാണിക്കാതെയാണ് തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടുള്ളത്. വാർഷിക കണക്ക്

പ്രകാരം 76700 രൂപ ഈ ഇനത്തിൽ വരവുണ്ട്. ആയതിന്റെ ജി.എസ്.ടി ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(4)/19-1-2023 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-29 ടേക്ക് എ-ബ്രേക് പദ്ധതി - ഭൗതിക ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

പ്രൊ.നം. 86/21 (146/22) – ഫീഡിംഗ് റൂമും ടോയ്‌ലറ്റും-മംഗലം ഡാം

അടങ്കൽ - 2181340 രൂപ (വികസന ഫണ്ട് - ജനറൽ - 212800 + കേന്ദ്രാവിഷ്കൃതം - 868440 രൂപ + CFC - 1100100 രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 74/19-2-2021

കരാറുകാരൻ - ശ്രീ.എൽദോസ് ജോയ്

ചെലവ് - 1827062 രൂപ (ബിൽ നം. 39/26-3-22-212800, 38/26-3-22 – 1100100 & വൌ.നം. 22101221/31-3-22 – 514162)

അളവു പുസ്തകം - 183/19-20

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിർമ്മിതികൾ 31-12-2020 നകം പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ശുചിമുറിക്കായി കണ്ടെത്തിയത് മംഗലം ഡാമിനടുത്തുള്ള നിർദ്ദിഷ്ട ബസ് സ്റ്റാന്റിനടുത്തുള്ള പ്രദേശമാണ്. കെട്ടിട നിർമ്മാണം, കുടിവെള്ള സൌകര്യം, വൈദ്യുതീകരണം മുതലായ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ) ടെണ്ടർ ക്ഷണിച്ച് എഗ്രിമെന്റ് ചമച്ചത് 19-2-2021 നാണ്. ബസ് സ്റ്റാന്റിന് സ്ഥലം വിട്ടുതന്നയാൾ പ്രവൃത്തിയുടെ സ്ഥലത്തിന്റെ അളവുകളെ സംബന്ധിച്ചും അതിരുകളെ സംബന്ധിച്ചും സംശയം പ്രകടിപ്പിച്ചതിനാൽ ടേക് എ ബ്രേക്ക് പദ്ധതിയുടെ നിർമ്മാണം തുടങ്ങുവാൻ സാധിച്ചിട്ടില്ലെന്ന് അസി. എഞ്ചിനിയർ സെക്രട്ടറിയെ അറിയിച്ചതിനെത്തുടർന്നാണ് സ്ഥലം വില്ലേജ് രേഖകളിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലാക്കി മാറ്റം വരുത്തിയിട്ടുള്ളത്. ആലത്തൂർ തഹസിൽദാരുടെ ഉത്തരവ് നം. F3-2016/3651/9/100(D3) തിയതി 10-8-21 പ്രകാരം 0.1215 ഹെക്ടർ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തി റീസർവ്വേ നം. 316/39 എന്നാക്കി മാറ്റി വില്ലേജ് രേഖകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ ആധികാരികത ഉറപ്പാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചത് ക്രമപ്രകാരമല്ല.

ബി) പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം. 2.4 ആയി ഉൾപ്പെട്ട നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും വാങ്ങുന്നതിനായി 19470 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചാണ് സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. സിവിൽ പ്രവൃത്തിയുടെ ഭാഗമല്ലാത്ത സാധന സാമഗ്രികൾ വാങ്ങുന്നതിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയും കോംപ്ലക്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പുതന്നെ വാങ്ങൽ നടത്തിയതും ക്രമപ്രകാരമല്ല എന്ന് വിലയിരുത്തുന്നു.

ടോയ്‌ലറ്റ് കോംപ്ലക്സ് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുവാനും അപാകങ്ങൾക്ക് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ടുകൊണ്ടുള്ള ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(5)/19-1-2023 ന് മറുപടി ലഭ്യമായില്ല.

അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ടോയ്‌ലറ്റ് കോംപ്ലക്സ് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്ത് ഉചിതമായ യൂസർ ഫീ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-30 സ്ഥലലഭ്യത ഉറപ്പാക്കാതെ റോഡ് പ്രവൃത്തി ഏറ്റെടുത്തു

പ്രൊ.നം. 140/22 – നെല്ലിക്കോട് റോഡ് കോൺക്രീറ്റ്

അടങ്കൽ - 150000 രൂപ (CFC-Basic)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 15/18-9-2020

കരാറുകാരൻ - ശ്രീ.വിഷ്ണുദാസ്.വി

ചെലവ് - 141632രൂപ (ബിൽ നം.10/19-2-22 )

അളവു പുസ്തകം - 83/21

18-9-2020 ന് എഗ്രിമെന്റ് ചമച്ചതിനുശേഷം ഒരു വർഷത്തിലേറെ സമയം കഴിഞ്ഞ് 24-12-21 നാണ് പ്രവൃത്തിയുടെ സൈറ്റ് ഹാന്റ്ഓവർ ചെയ്തത്. ഇലക്ട്രിക് പോസ്റ്റ് മാറ്റൽ, റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാക്കൽ എന്നീ നടപടിക്രമങ്ങൾക്ക് ശേഷമാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. നടപടിക്രമങ്ങളിലെ കാലതാമസം കാരണം 17-3-21 ന് മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 24-1-22 നാണ് പൂർത്തീകരിച്ചത്.

PWD Manual, 2012 ലെ സെക്ഷൻ 202.10 പ്രകാരം എഗ്രിമെന്റ് ചമച്ച് 10 ദിവസത്തിനകം സൈറ്റ് കരാറുകാരന് കൈമാറേണ്ടത് അസി.എഞ്ചിനിയറുടെ ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ക്രമപ്രകാരമുള്ള കൈമാറ്റം ഉറപ്പാക്കുവാൻ സാധിക്കാത്ത പദ്ധതി പ്രദേശത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(6)/19-1-2023 ന് മറുപടി ലഭ്യമായില്ല.

ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-31 ഒലിംകടവ് കുടിവെള്ള പദ്ധതി - നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണ്

പ്രോ.നം. 80/22

അടങ്കൽ - 270000 രൂപ (CFC-Tied)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 33/22-12-2020

കരാറുകാരൻ - ശ്രീ.ഫ്രാങ്ക്ലിൻ ജോസ്

ചെലവ് - 269862 രൂപ (ഫൈനൽ ബിൽ നം.26/28-2-22 )

അളവു പുസ്തകം - 176/20-21

കുടിവെള്ള പദ്ധതിക്കാവശ്യമായ കുഴൽകിണർ കുഴിക്കൽ, മോട്ടോർ ഷെഡ് നിർമ്മിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ ഇനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്. കുഴൽ കിണർ കുഴിച്ചുവെങ്കിലും വെള്ളം ലഭിക്കാതിരുന്നതിനാൽ രണ്ടാമതൊരു കുഴൽ കിണർ നിർമ്മിച്ചതിനുശേഷം തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്തായി കാണുന്നില്ല. രണ്ടാമത്തെ കുഴൽ കിണർ കുഴിക്കൽ പ്രവൃത്തി 6-1-2022 ന് പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള മോട്ടോർ ഷെഡ് നിർമ്മാണം, പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിച്ചിട്ടില്ല. സ്പിൽ ഓവറായി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന വിവരവും കുടിവെള്ള

പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(7)/19-1-2023 ന് മറുപടി ലഭ്യമായില്ല.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-32 സ്ഥല ലഭ്യത ഉറപ്പാക്കാതെ കുടിവെള്ള പദ്ധതി ഏറ്റെടുത്തു

പ്രോ.നം. 160/22 – അണിത്തുരുത്തി കുടിവെള്ള പദ്ധതി

അടങ്കൽ - 400000 രൂപ (CFC-Tied)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 37/22-12-2020

കരാറുകാരൻ - ശ്രീ.ശ്രീ.ഫ്രാങ്ക്ലിൻ ജോസ്

ചെലവ് - 399964രൂപ (ബിൽ നം.31/22-3-21 )

അളവു പുസ്തകം - 89/21

ബോർവെൽ കുഴിക്കൽ, 7.5 HP മോട്ടോർ സ്ഥാപിക്കൽ, മോട്ടോർ ഷെഡ് നിർമ്മാണം, പൈപ്പ് ലൈൻ പ്രവത്തികൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

21-5-2021 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി സ്ഥല ലഭ്യത ഉറപ്പാക്കാത്തതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. കുഴൽ കിണർ കുഴിക്കുവാൻ അനുയോജ്യമാണെന്ന് ഭൂജല വകുപ്പ് കണ്ടെത്തിയ സ്ഥലത്ത ICDS ന്റെ അങ്കണവാടി സ്ഥിതി ചെയ്യുന്നതായും പ്രസ്തുത വകുപ്പിന്റെ അനുമതി ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുന്നതായും കരാറുകാരൻ 20-5-2021 ലെ കത്തിലൂടെ അസി. എഞ്ചിനിയറെ അറിയിച്ചിട്ടുണ്ട്.

CDPO യിൽ നിന്നും NOC ലഭ്യമാകാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തി ഭൂജല വകുപ്പിന്റെ അനുമതി ലഭ്യമാക്കുവാൻ 18-12-2021 ലെ തീരുമാനം 1(5) പ്രകാരം ഭരണസമിതി അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും മറ്റൊരു സ്ഥലത്ത് പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 11-3-2022 ന് പൂർത്തീകരിച്ചിട്ടുണ്ട്.

സ്ഥല ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 6(8)/19-1-2023 ന് മറുപടി ലഭ്യമായില്ല.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-33 ആയുർവേദ ആശുപത്രിയുടെ നവീകരണത്തിന്റെ ഭാഗമായി ഇളക്കിമാറ്റിയ ജനൽ കൈയ്യൊഴിക്കേണ്ടതാണ്

പ്രോ.നം.136/22- ആയുർവേദ ആശുപത്രി നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 350000 (MG-Non Road)

കരാറുകാരൻ - ശ്രീ.ബ്രിജേഷ്.സി.എം

എഗ്രിമെന്റ് നം. 23/3-1-2022

അളവു പുസ്തകം നം. 163/21-22

ചെലവ് - 194767(ബിൽ നം.40/30-3-2022)

അളവു പുസ്തകം പേജ് നം. 36 Item 1 പ്രകാരം ജനൽ ഒരെണ്ണം ഇളക്കി മാറ്റിയതിന് 207 രൂപ

ചെലവഴിച്ചിട്ടുണ്ട്.

മൂന്ന് പാളിയുള്ള ജനൽ ഡിസ്പെൻസറിയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത് കയ്യൊഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 6(9)/19-1-2023 ന് മറുപടി ലഭ്യമായില്ല.

ജനൽ ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല

2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അത്തരത്തിൽ രണ്ടു തവണ ദീർഘിപ്പിച്ച് നൽകാവുന്നതും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതുമല്ല. PWD മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധിക്കകം കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ നൽകുകയോ അസി. എഞ്ചിനിയർ കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. പിഴ ഈടാക്കാതെ ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തിയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | PAC | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ (രൂപ) | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| പ്രൊ.നം.239/20, 250/21, 132/22- ലൂർദ്ദ് മാതാ സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ<br>അടങ്കൽ - 260000 (കേന്ദ്രാവിഷ്കൃതം)<br>കരാറുകാരൻ - | 260000 | 7-9-2019 | 01-3-21 | 0 | 7800<br>(3% Of PAC) | 7800 |

| | | | | | | | |
|---|---|---|---|---|---|---|---|
| ശ്രീ.എ.കെ.മനോജ്<br>എഗ്രിമെന്റ് നം. 92/8-3-2019<br>അളവു പുസ്തകം നം.278/20, 279/20<br>ചെലവ് - 226144 രൂപ (വൌച്ചർ നം.0519430/ 17-11-2021) | | | | | | | |

PWD മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നം. 10/20-01-2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല. കരാറുകാരിൽ നിന്ന പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-35 സ്വകാര്യ സ്കൂളിലെ നിർമ്മാണ പ്രവൃത്തി - മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്

പ്രോ.നം.239/20, 250/21, 132/22- ലൂർദ്ദ് മാതാ സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 260000 (കേന്ദ്രാവിഷ്കൃതം)

കരാറുകാരൻ - ശ്രീ.എ.കെ.മനോജ്

എഗ്രിമെന്റ് നം. 92/8-3-2019

അളവു പുസ്തകം നം.278/20, 279/20

ചെലവ് - 226144 രൂപ (വൗച്ചർ നം.0519430/17-11-2021)

സ.ഉ(കൈ)നം. 11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.7.6 (വിദ്യാഭ്യാസം) ലെ ഉപഖണ്ഡിക (2) ൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യുറിനലുകളും ടോയ്‌ലറ്റും വാഷ്ബെയ്സിനും ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനുശേഷം എയ്ഡഡ് സ്കൂളുകളിലും അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണെന്ന് ഉപഖണ്ഡിക (8) ൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിൽ മേൽസൂചിപ്പിച്ച എല്ലാ സൗകര്യങ്ങളും ഒരുക്കിയതിനുശേഷമാണോ എയ്ഡഡ് സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 10/20-1-2023 ന് മറുപടി ലഭ്യമായില്ല.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്കൂളുകളുടെ വികസനത്തിന് മുൻഗണന നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 വാഹനത്തിന്റെ മെയിന്റനൻസ് - മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ സ.ഉ(എം.എസ്)നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തണമെന്നും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക

വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ 2021-22 വർഷം പഞ്ചായത്തിന്റെ മോഡൽ Bolero A/C വാഹനം ഇന്ധന ക്ഷമത ടെസ്റ്റ് ചെയ്തതിന്റെ (വാഹന നം. KL 49B 8388) രേഖകൾ ലോഗ് ബുക്കിൽ സൂക്ഷിച്ചതായി കാണുന്നില്ല. വാഹനത്തിന്റെ ഇന്ധനക്ഷമതാടെസ്റ്റ് നടത്തിയിന്റെ വിവരം ഓഡിറ്റിനു ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15a/23.01.23) ലഭ്യമാക്കിയ മറുപടിയിൽ 22/02/21 തിയ്യതിക്കുശേഷം 17/09/22 ലാണ് വാഹനം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിരിക്കുന്നത് എന്നാണ്. തുടർ വർഷങ്ങളിൽ കൃത്യമായി പരിശോന നടത്താമെന്നും മുൻവർഷങ്ങളിലുള്ള ഇന്ധനക്ഷമതക്ക് മാറ്റം വന്നിട്ടില്ലെന്നുമാണ്. മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി ഇന്ധനക്ഷമത പരിശോധിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-37 പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലത്തിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തുവെങ്കിലും ഉടമസ്ഥാവകാശ രേഖകൾ കൃത്യമാണെന്ന് ഉറപ്പാക്കിയില്ല

നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പൈതല ഭാഗത്ത് കുടിവെള്ളത്തിന് ബോർവെൽ കുഴിക്കുന്നതിനായി ശ്രീ.രാജീവ്.അമ്പാട്ടുകുന്നേൽ എന്ന വ്യക്തി 0.0081 Hectre(രണ്ടു സെന്റ്) പഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുക്കുകയും പ്രസ്തുത ഭൂമി 28/02/2022 തിയ്യതിയിൽ സബ് രജിസ്ട്രാർ ഓഫീസ് വടക്കഞ്ചേരിയിൽ 2022 1ാം പുസ്തകം 513 വാല്യം, പേജ് 69 മുതൽ 76 വരെ 664-ാം നമ്പറായി ശ്രീ.സാജൻ.എം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്ററർ നടത്തുകയും ചെയ്തിട്ടുണ്ട്.

ബിൽ നം. 111/31.03.2022 പ്രകാരം ആധാരം രജിസ്ട്രേഷൻ ഫീ ഇനത്തിൽ 4850/- രൂപ നൽകിയിട്ടുണ്ട്. SRO No. 86/2020 തിയതി 3-2-2020 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്നതോ സ്വകാര്യ വ്യക്തികൾ സൗജന്യമായി തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടു നല്കുന്നതോ ആയ ഭൂമിക്ക് രജിസ്ട്രേഷൻ ഫീ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.
രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കൂടി കണ്ടെത്തി.

1) പ്രസ്തുത ഭൂമി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം വില്ലേജ് ഓഫീസ് രേഖകളിൽ മാറ്റം വരുത്തിയതായി കാണുന്നില്ല. കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമല്ല.
2) ആധാരം രജിസ്റ്റർ ചെയ്ത വിവരം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ പോക്കു വരവു രജിസ്റ്റർ ചെയ്തിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.16/23.01.23) മറുപടിയായി കൈമാറി കിട്ടിയ സ്ഥലത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം വില്ലേജ് രേഖകളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കാമെന്നുമാണ് അറിയിച്ചത്. കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
ഓഡിറ്റിൽ നിരാകരിച്ച 4850/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
(ഖ.3-1 കൂടി കാണുക).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പഞ്ചായത്തിന് സൗജന്യമായി വിട്ടു കിട്ടിയ സ്ഥലത്തിന്റെ രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീ ഒടുക്കിയത് അംഗീകരിക്കുന്നില്ല

നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പൈതല ഭാഗത്ത് കുടിവെള്ളത്തിന് ബോർവെൽ കുഴിക്കുന്നതിനായി ശ്രീ.രാജീവ്.അമ്പാട്ടുകുന്നേൽ എന്ന വ്യക്തി 0.0081 Hectre(രണ്ടു സെന്റ്) പഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുക്കുകയും 28/02/2022 തിയ്യതിയിൽ സബ് രജിസ്ട്രാർ ഓഫീസ് വടക്കഞ്ചേരിയിൽ 2022, 1ാം പുസ്തകം 513 വാല്യം, പേജ് 69 മുതൽ 76 വരെ 664-ാം നമ്പറായി ശ്രീ.സാജൻ.എം, ഗ്രാമപഞ്ചയാത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്ററർ ചെയ്തിട്ടുണ്ട്. ബിൽ നം. 111/31.03.2022 പ്രകാരം ആധാരം രജിസ്ട്രേഷൻ ഫീ ഇനത്തിൽ 4850/- രൂപ നൽകിയിട്ടുണ്ട്. SRO No. 86/2020 തിയതി 3-2-2020 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്നതോ സ്വകാര്യ വ്യക്തികൾ സൗജന്യമായി തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടു നല്കുന്നതോ ആയ ഭൂമിക്ക് രജിസ്ട്രേഷൻ ഫീ ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/23.01.23) വ്യക്തമായ മറുപടിയായി ലഭ്യമായില്ല.

ഓഡിറ്റിൽ നിരാകരിച്ച 4850/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ടോയ്‌ലറ്റ് നിർമ്മാണം(ജനറൽ) - ആനുകൂല്യം അനുവദിച്ചതിൽ അപാകം

പ്രോജക്ട്- 183/22, ടോയ്‌ലറ്റ് നിർമ്മാണം(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ-1

അടങ്കൽ - 1001000 (780000- കേന്ദ്രാവിഷ്കൃത ഫണ്ട്, 221000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 942800

ബിൽ നം. / വൗച്ചർ നം. - 629563/23-03-22 – 312000

629287/30-03-22- 300000

629285/30-03-22- 120000

28/08-03-22 – 88400 (CFC Tied)

35/24-03-22 – 88400 (CFC Tied)

44/30-03-22 – 34000 ( CFC Tied)

മേൽപറഞ്ഞ പ്രോജക്ട് പ്രകാരം 61 ഗുണഭോക്താക്കൾക്കായി 15400 രൂപ വീതം ടോയ്‌ലറ്റ് നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 61 പേരെക്കൂടാതെ ശ്രീമതി.പദ്മാവതി, പാലമൊക്ക് എന്ന ഗുണഭോക്താവിന് ബിൽ നം. 35/24-03-22 പ്രകാരം സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും 3400 രൂപ നൽകിയിട്ടുണ്ട് (A/c No.-62730100010880)എന്ന് ബോധ്യപ്പെട്ടു. എന്നാൽ ഇതേ ഗുണഭോക്താവിന് തന്നെ തൻവർഷം പ്രോജക്ട്നം.181/22, ടോയ്‌ലറ്റ് അറ്റകുറ്റപ്പണി(ജനറൽ) എന്ന പ്രോജക്ട് പ്രകാരം 9240 രൂപ (ബിൽ നം.14/15-02-22 ) പ്രകാരം നൽകിയിരുന്നു.

ടോയ്‌ലറ്റ് അറ്റകുറ്റപ്പണിയ്ക്കായി തുക നൽകിയ ഗുണഭോക്താവിന് ടോയ്‌ലറ്റ് നിർമ്മാണത്തിന് വീണ്ടും തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.14/21-01-22) മുഖേന ആവശ്യപ്പെട്ടതിന് പ്രസ്തുത ഗുണഭോക്താവിന് ടോയ്‌ലറ്റ് റിപ്പയർ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തുകയും നൽകിയതിന് പുറമേ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 3400 രൂപ വീണ്ടും അനുവദിച്ചത് നിർവ്വഹണത്തിൽ സംഭവിച്ച പിഴവാണെന്നും തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഗ്രാമപഞ്ചായത്തിന്റെ സി.എഫ്.സി അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| | വർഷം | സർട്ടിഫിക്കേഷൻ | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|---|

| | കണക്കുകൾ പരിശോധിച്ച തിയതി | തീയതി |
|---|---|---|
| 2021-22 | 17-1-2023 മുതൽ 23-1-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1353500 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1353500 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 164000 | സ്കോളർഷിപ്പ് | 164000 | 0 |
| | | 1920000 | ലൈഫ്-എസ്.സി | 1920000 | 0 |
| | | 3537500 | | 3537500 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1317252 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1317252 | 0 |
| | | 300000 | സ്കോളർഷിപ്പ് | 300000 | 0 |
| | | 900000 | ലൈഫ്-എസ്.സി | 900000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ് | 100000 | 0 |
| | | 2617252 | | 2617252 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 249/22-സ്ട്രീറ്റ് ലൈൻ വലിക്കൽ | 46/30-3-22 | 331972 | യു.സി ലഭ്യമായില്ല |
| | 169/22-സ്ട്രീറ്റ് ലൈൻ വലിക്കൽ | 35/11-3-22 | 194730 | യു.സി ലഭ്യമായില്ല |
| | 22/22-തളികക്കല്ല് ആദിവാസി മേഖല-സ്ട്രീറ്റ് ലൈൻ വലിക്കൽ-TSP | 14/16.10.2021 | 717916 | യു.സി ലഭ്യമായില്ല |
| | 3/22-വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (തനത് ഫണ്ട്) | | 77628 | യു.സി ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വർഷാരംഭത്തിൽ | തൻ വർഷം | ആകെ | തൻ വർഷം | വർഷാവ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലഭിച്ചത് | | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 25160001 | 220000 | 25380001 | 1429999 | - | 23950002 (*) |

(*) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B5 പ്രകാരം 23510002 രൂപയാണ് നീക്കിയിരിപ്പുള്ളത്. വ്യത്യാസം 440000 രൂപയാണ്. തൻവർഷം ലൈഫ് ഭവന പദ്ധതി പ്രകാരം നൽകിയ തുകയായ 440000 രൂപ ഹെഡ് മാറി വായ്പയിനത്തിൽ തിരിച്ചടച്ചതായി കാണിച്ചതിനാലാണ് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിട്ടുള്ളത്. തുടർവർഷത്തിൽ ബാലൻസ് ഷീറ്റിലെ തുക ക്രമീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹8022/- ന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-2 | 1200 | സജു വർഗ്ഗീസ് | 121070103592/ 17-12-21 |
| 2015-16 | 2-2 | 277 | സജു വർഗ്ഗീസ് | 121070103593/ 17-12-21 |
| 2016-17 | 3-12 | 54 | ജയലക്ഷ്മി.ആർ | 121070103596/ 17-12-21 |
| 2018-19 | 1-29(3) | 885 | ജോസ് | 121070103646/ 21-12-21 |
| 2001-02 | 3-3 | 138 | മുകുന്ദൻ.കെ | 121070103707/ 23-12-21 |
| 2018-19 | 1-28(7) | 1742 | കെ.പി.ജോയ് | 121070103762/ 27-12-21 |
| 2015-16 | 2-2(a) | 1200 | ഷബീർ അബ്ദുൾ വഹാബ് | 121070103969/ 31-12-21 |
| 2015-16 | 2-2(b) | 337 | ഷബീർ അബ്ദുൾ വഹാബ് | 121070103970/ 31-12-21 |
| 2001-02 | 3-3 | 135 | കെ.ആർ.സേതു | 121070900040/ 11-1-22 |
| 1999-2000 | 2-2(1) | 2054 | കെ.ജി.സജീവ് കുമാർ | 121070900063/ 2-3-22 |
| ആകെ | | 8022 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2015-16 | പ്രത്യേക അവലോകനം | 2015-16 | II.5.2 | കമ്പ്യൂട്ടർ വത്ക്കരണം- അവലോകനം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യേവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13221903 |
| ഓഡിറ്റ് വർഷത്തെ വരവ് | 96030599 |
| ആകെ | 109252502 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 100742235 |
| നീക്കിയിരിപ്പ് | 85,10,267 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1020950 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4850 | ശ്രീ.സാജൻ.എം, സെക്രട്ടറി |
| 3-2 | - | 3400 | ശ്രീമതി.സജിത.കെ, വി.ഇ.ഒ |
| | ആകെ | 8250 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1020950 | ശ്രീ.സാജൻ.എം, സെക്രട്ടറി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 7800 | ശ്രീമതി.അരുണ.വി, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അരുണ.വി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, LID&EW സെക്ഷൻ ഓഫീസ്, കാട്ടാക്കട | GNRA 51, ശിവാലയം റോഡ്, മേലാരന്നൂർ, കരമന, തിരുവനന്തപുരം-695002 |
| ശ്രീ.സാജൻ.എം, സെക്രട്ടറി | സെക്രട്ടറി, തിടനാട് ഗ്രാമപഞ്ചായത്ത് | രാമപുരം ബസാർ, രാമപുരം(പി.ഒ), കോട്ടയം-686576 |
| ശ്രീമതി.സജിത.കെ, വി.ഇ.ഒ | വി.ഇ.ഒ, വണ്ടാഴി ഗ്രാമപഞ്ചായത്ത് | കരിപ്പായി ഹൗസ്, കരിങ്കുളം, എലവഞ്ചേരി, പാലക്കാട്-678508 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA-PKD.18/323/22/30-11-22 (Audit Adalath Letter) | 1 |
| 1999-00 | | 20 |
| 2000-21 | | 14 |
| 2001-02 | | 7 |
| 2002-03 | | 4 |
| 2003-04 | | 5 |
| 2004-05 | | 8 |
| 2005-06 | | 4 |
| 2006-07 | | 4 |
| 2007-08 | | 3 |
| 2008-09 | | 3 |
| 2009-10&2020-11 | | 17 |
| 2011-12 | | 6 |
| 2012-13, 2013-14 &2014-15 | | 10 |
| 2015-16 | | 4 |
| 2016-17 | | 19 |
| 2017-18 | | 14 |
| 2018-19 | | 13 |
| 2019-20 | KSA-PKD18/1345/22/21-7-22 | 8 |
| 2020-21 | KSA-PKD18/1578/22/27-7-22 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്ക് - പത്രികകളുടെ സംക്ഷിപ്തം

1.

| Vandazhi Grama Panchayat RECEIPT & PAYMENT STATEMENT As on 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13077559.00 |
| Cash | Cash | RP-40(a) | 144344.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1304490.00 |
| 130000000 | Rental income from Panchayat Properties | RP-3 | 478500.00 |
| 140000000 | Fees & User Charges | RP-4 | 514268.00 |
| 150000000 | Sale & Hire Charges | RP-5 | 156594.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 67394920.00 |
| 171000000 | Interest Earned | RP-9 | 74999.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14158730.00 |
| 350000000 | Other Liabilities | RP-36 | 250218.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 23304.00 |
| 330000000 | Secured Loans | RP-32 | 220000.00 |
| 340000000 | Deposits Received | RP-34 | 32590.00 |
| 350000000 | Other Liabilities | RP-36 | 335272.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10575384.00 |
| 460000000 | Loans, Advances and Deposits | RP-47 | 511330.00 |
| | Grand total | | 109252502.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5141639.00 |
| 220000000 | Administrative Expenses | RP-12 | 2519627.00 |
| 230000000 | Operations & Maintenance | RP-13 | 4765166.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8754698.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29710805.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2722395.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 4787807.00 |
| 255000000 | Maintenance Projects | RP-20 | 9633028.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 185555.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 15677.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 746444.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 12374832.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 681.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -36830.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 26762.00 |
| 350000000 | Other Liabilities | RP-36 | 3123458.00 |
| 410000000 | Fixed Assets | RP-38 | 4454874.00 |
| 412000000 | Capital work in Progress | RP-40 | 2323477.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8050439.00 |
| 460000000 | Loans, Advances and Deposits | RP-47 | 1441701.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8377041.00 |
| Cash | Cash | RP-40(b) | 133226.00 |
| | Grand Total | | 109252502.00 |

2.

| Vandazhi Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4957716.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 559635.00 |
| 140000000 | Fee & User Charges | I-4(b) | 1677998.00 |
| 150000000 | Sale & Hire Charges | I-5(b) | 156594.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 178585410.00 |
| 171000000 | Interest Earned | I-8 | 74999.00 |
| 180000000 | Other Income | I-9 | 33054.00 |
| | Total Income | | 186045406.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14224575.00 |
| 220000000 | Administrative Expenses | I-11(b) | 2519627.00 |
| 230000000 | Operations & Maintenance | I-12(b) | 4770110.00 |
| 240000000 | Interest & Finance Charges | I-13 | 681.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8754698.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62429777.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3014117.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4787807.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 80426200.00 |
| 255000000 | Maintenance Projects | I-14(e) | 9633028.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 185555.00 |
| 272000000 | Depreciation | I-17(a) | 1666702.00 |
| | Total Expenditure | | 192412877.00 |
| | Gross Surplus / Deficit of income over Expenditure | | -6367471.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -135362.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -6232109.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

3.

| Vandazhi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27703665.15 |
| 312000000 | Reserves | B-3 | 90198675.00 |
| | Total Reserve & Surplus | | 117902340.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8725739.00 |
| | Total Grants, Contributions for Specific Purposes | | 8725739.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23510002.00 |
| | Total Loans | | 23510002.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 553638.00 |
| 350000000 | Other Liabilities | B-9 | 1886652.75 |
| | Total Current Liabilities and Provisions | | 2440290.75 |
| | TOTAL LIABILITIES | | 152578371.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 134758821.00 |
| 411000000 | Accumulated Depreciation | B-11 | -29265271.00 |
| 412000000 | Capital Work in Progress | B-11(a) | 2931745.00 |
| | Total Fixed Assets | | 108425295.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 301000.00 |
| | Total Investments | | 301000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 10344948.90 |
| 440000000 | Pre-paid Expenses | B-16 | 23510002.00 |
| 450000000 | Cash and Bank Balance | B-17 | 8510267.00 |
| 460000000 | Loans, Advances and Deposits | B-18 | 1486859.00 |
| | Total Current Assets, Loans and Advances | | 43852076.90 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 152578371.90 |

ഡെപ്യൂട്ടി ഡയറക്ടർ